"ഭരണഭാഷ- മാതൃഭാഷ"

കേരള സർക്കാർ

## സംഗ്രഹം

തദ്ദേശസ്വയംഭരണ വകുപ്പ്-കോഴിക്കോട് ജില്ലയിലെ ചാത്തമംഗലം ഗ്രാമപഞ്ചായത്തിൽ ഗവൺമെന്റ് ഐ.ടി.ഐ കെട്ടിട നിർമ്മാണത്തിനായി ഗ്രാമപഞ്ചായത്തിന്റെ കൈവശമുള്ള ചെമ്പക്കോട്ട് മലയിൽ റീസർവ്വേ നം. 20-ൽപ്പെട്ട 0.7689 ഹെക്ടർ ഭൂമി വ്യവസായ വകുപ്പിന് കൈമാറുന്നതിന് അനുമതി നൽകി -ഉത്തരവ് പുറപ്പെടുവിക്കുന്നു.

---

തദ്ദേശസ്വയംഭരണ (ആർ സി) വകുപ്പ്

സ.ഉ.(കൈ) നം.23/2021/ത.സ്വ.ഭ.വ തീയതി,തിരുവനന്തപുരം, 01/02/2021

---

പരാമർശം:- 1 ചാത്തമംഗലം ഗ്രാമപഞ്ചായത്ത് ഭരണ സമിതിയുടെ 29/10/2019-ലെ സാധരണ മീറ്റിംഗിലെ 05/01, 19/8/2020 -ലെ അടിയന്തിര മീറ്റിംഗിലെ 1(1)/20 നമ്പർ തീരുമാനങ്ങൾ.

2 പഞ്ചായത്ത് ഡയറക്ടറുടെ 4/10/2019, 18/11/2020 തീയതികളിലെ PAN/21416/2018C2(DP) നമ്പർ കത്തുകൾ.

3 പഞ്ചായത്ത് സെക്രട്ടറിയുടെ 13/01/2021 തീയതിയിലെ A1-6185/2018-ാം നമ്പർ കത്ത്

## ഉത്തരവ്

കോഴിക്കോട് ജില്ലയിൽ കോഴിക്കോട് താലൂക്കിൽ കുന്ദമംഗലം ബ്ലോക്കിൽ ചാത്തമംഗലം ഗ്രാമപഞ്ചായത്തിൽ പൂളക്കോട് വില്ലേജിൽപ്പെട്ട ചെമ്പക്കോട് മലയിൽ റീസർവ്വേ നമ്പർ 20-ൽപ്പെട്ട 0.8094 ഹെക്ടർ സ്ഥലത്തിൽ ബ്ലോക്ക് പഞ്ചായത്ത് നിർമ്മിച്ച സാംസ്കാരിക നിലയവും അതിനോട് ചേർന്ന 10 സെന്റ് സ്ഥലവും ഒഴികെ 0.7689 ഹെക്ടർ സ്ഥലം ഗവൺമെന്റ് ഐ.ടി.ഐ കെട്ടിട നിർമ്മാണത്തിനായി വ്യവസായ പരിശീലന വകുപ്പ് ഡയറക്ടറുടെ പേരിൽ രജിസ്റ്റർ ചെയ്തു നൽകുന്നതിന് പരാമർശം(1) പ്രകാരം തീരുമാനിയ്ക്കുകയും അനുമതിയ്ക്കായി പരാമർശം(2) പ്രകാരം പഞ്ചായത്ത് ഡയറക്ടർ മുഖേന സർക്കാരിൽ അപേക്ഷ ലഭ്യമാക്കുകയും ചെയ്തു.

2) ചാത്തമംഗലം ഗവൺമെന്റ് ഐ.ടി.ഐ.യ്ക്ക് കെട്ടിട നിർമ്മാണത്തിനായി ആവശ്യമായ ഏറ്റവും കുറഞ്ഞ ഭൂമിയുടെ അളവ് 2 ഏക്കർ ആണെന്നും, വീടില്ലാത്തവർക്ക് വീട് ലഭ്യത ഉറപ്പാക്കാൻ വാങ്ങിയ ഭൂമിയാണെങ്കിലും വീട് നിർമ്മാണത്തിനായി ഗ്രാമപഞ്ചായത്ത് മറ്റ് സ്ഥലങ്ങളിൽ ഭൂമി ലഭ്യമാക്കിയിട്ടുണ്ട് എന്നും, ഒരു പ്രത്യേക ആവശ്യത്തിനായി ആർജിച്ച ഭൂമി ഇതര ആവശ്യങ്ങൾക്കായി വിട്ടുനൽകാൻ വ്യവസ്ഥയില്ലെങ്കിലും സർക്കാർ അനുമതിയോടെ ഇതര ആവശ്യങ്ങൾക്കായി ഉപയോഗിക്കാവുന്നതാണെന്നും, സൗജന്യമായാണ് ഭൂമി കൈമാറുന്നതെന്നും, ബി.ടി.ആർ പ്രകാരം ഭൂമി അസ്ഥിരപുഞ്ചയാണെന്നും, പഞ്ചായത്ത് ഡയറക്ടർ പരാമർശം(2) പ്രകാരം റിപ്പോർട്ട് ചെയ്തിട്ടുണ്ട്. ചാത്തമംഗലം ഗവ.ഐ.ടി.ഐ.യക്ക് കെട്ടിടം നിർമ്മിക്കുന്നതിനായി കൈമാറാൻ ഉദ്ദേശിക്കുന്ന സ്ഥലം പഞ്ചായത്ത് വില കൊടുത്ത് വാങ്ങിയതാണെന്നും , പ്രസ്തുത സ്ഥലത്തിന്റെ വിസ്തീർണ്ണം 0.7689 ഹെക്ടർ ആണെന്നും പഞ്ചായത്ത് സെക്രട്ടറി പരാമർശം(3) പ്രകാരം റിപ്പോർട്ട് ചെയ്തിട്ടുണ്ട്.

3) സർക്കാർ ഇക്കാര്യം വിശദമായി പരിശോധിച്ചതിന്റെ അടിസ്ഥാനത്തിൽ കോഴിക്കോട് ജില്ലയിൽ കോഴിക്കോട് താലൂക്കിൽ കുന്ദമംഗലം ബ്ലോക്കിൽ ചാത്തമംഗലം ഗ്രാമപഞ്ചായത്തിൽ

പൂളക്കോട് വില്ലേജിൽപ്പെട്ട ചെമ്പക്കോട് മലയിൽ റീസർവ്വേ നമ്പർ 20 ൽപ്പെട്ട 0.8094 ഹെക്ടർ സ്ഥലത്തിൽ ബ്ലോക്ക് പഞ്ചായത്ത് നിർമ്മിച്ച സാംസ്കാരിക നിലയവും അതിനോട് ചേർന്ന 10 സെന്റ് സ്ഥലവും ഒഴികെയുള്ള 0.7689 ഹെക്ടർ സ്ഥലം ഗവൺമെന്റ് ഐ.ടി.ഐ കെട്ടിട നിർമ്മാണത്തിനായി വ്യവസായ പരിശീലന വകുപ്പ് ഡയറക്ടറുടെ പേരിൽ രജിസ്റ്റർ ചെയ്ത് കൈമാറി നൽകുന്നതിന് ആവശ്യമായ നടപടി സ്വീകരിക്കുവാൻ പഞ്ചായത്ത് ഡയറക്ടർക്ക് അനുമതി നൽകി ഉത്തരവ് പുറപ്പെടുവിക്കുന്നു.

(ഗവർണറുടെ ഉത്തരവിൻ പ്രകാരം)

**നന്ദന ആർ പി**

**ഡെപ്യൂട്ടിസെക്രട്ടറി**

പഞ്ചായത്ത് ഡയറക്ടർ, തിരുവനന്തപുരം.

വ്യവസായ പരിശീലനവകുപ്പ് ഡയറക്ടർ, തിരുവനന്തപുരം.

ചാത്തമംഗലം ഗ്രാമപഞ്ചായത്ത് സെക്രട്ടറി (പഞ്ചായത്ത് ഡയറക്ടർ, മുഖാന്തിരം)

പ്രിൻസിപ്പൽ അക്കൗണ്ടന്റ് ജനറൽ (എ&ഇ), കേരള, തിരുവനന്തപുരം.

അക്കൗണ്ടന്റ് ജനറൽ (ഓഡിറ്റ്- I / ഓഡിറ്റ്-II), കേരള, തിരുവനന്തപുരം.

ഡയറക്ടർ, കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്, തിരുവനന്തപുരം.

എക്സിക്യൂട്ടീവ് ഡയറക്ടർ, ഇൻഫർമേഷൻ കേരള മിഷൻ, തിരുവനന്തപുരം.

റവന്യൂ വകുപ്പ്(അറിവിലേയ്ക്കായി)

ഐ. & പി. ആർ. ഡി. - വെബ് & ന്യൂ മീഡിയ.

കരുതൽ ഫയൽ/ഓഫീസ് കോപ്പി (ആർസി1/193/2019/ത.സ്വ.ഭ.വ).

ഉത്തരവിൻ പ്രകാരം

സെക്ഷൻ ഓഫീസർ